പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 386 | 27-06-2012 - ൽ മറുപടിയ്ക്ക്

## കേരള ജലസേചന ജലസംരക്ഷണ നിയമത്തിന് ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.ജോർജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) 2003-ലെ കേരള ജലസേചന ജലസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കാമോ; | (എ) ഉണ്ട്. 2003-ലെ കേരള ജലസേചന ജലസംരക്ഷണ നിയമത്തിൽ ചില വകുപ്പുകൾ ഭേദഗതി വരുത്താനും ചില വകുപ്പുകൾ കൂടുതലായി ഉൾപ്പെടുത്താനും ഉദ്ദേശിച്ചിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ കരട് ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം തേടേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇപ്രകാരം നിയമഭേദഗതിയിലൂടെ സംസ്ഥാനത്ത് സ്റ്റേറ്റ് റിവർ ആന്റ് വെറ്റ്ലാന്റ് അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) ഉണ്ട്. ജലസ്രോതസുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുക, സംസ്ഥാനത്തിനകത്തെ ജലവിനിയോഗം ക്രമീകരിക്കുക, ജലഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുക, ജലമലിനീകരണം തടയുക, ജലസ്രോതസുകളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള പ്രകൃതിചൂഷണം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ജലസംബന്ധമായ നാശനഷ്ടങ്ങൾ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ഉറപ്പുവരുത്തുക, തണ്ണീർത്തടത്തെ വിവിധ മേഖലകളാക്കി തരംതിരിച്ച് ആ പ്രദേശത്തെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുക തുടങ്ങിയവയാണ് സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) നടപ്പ് സഭാസമ്മേളനത്തിൽ തന്നെ പ്രസ്തുത ഭേദഗതി കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ? | (സി) സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.